പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1122

20.1.2014 ലെ മറുപടിക്ക്

## അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) 29.11.2013 ലെ സ.ഉ.(പി) നം.313/13/പൊവിവ പ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ സർക്കാർ സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിലേയ്ക്ക് മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) എത്ര അദ്ധ്യാപകരാണ് സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലുമായി അധികമായിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ; | (ബി) 29.11.2013 ലെ ജി.ഒ (പി) നം.313/13/പൊവിവ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. തസ്തിക നിർണ്ണയം പൂർത്തിയായാൽ മാത്രമേ അധികമായി വരുന്ന അദ്ധ്യാപകരുടെ വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (സി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം ക്ലാസ്സ് ഡിവിഷനുകളെ അടിസ്ഥാനപ്പെടുത്തി 1:45 ആണ്. വിദ്യാഭ്യാസ അവകാശനിയമത്തിൽ സ്കൂളടിസ്ഥാനത്തിലാണ് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചിരിക്കുന്നത്. അത് പ്രകാരം ഒന്നുമുതൽ അഞ്ച് |

വരെയുള്ള എൽ.പി. സ്കൂളുകളിൽ 1:30 ഉം ആറുമുതൽ എട്ടുവരെയുള്ള യു.പി.സ്കൂളുകളിൽ 1:35 ഉം ആണ് അദ്ധ്യാപകവിദ്യാർത്ഥി അനുപാതം

(ഡി) എയ്ഡഡ് മേഖലയിൽ ഈ അദ്ധ്യായനവർഷം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:35 ആയി നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) 29.11.2013 ലെ സ.ഉ.(പി) നം.313/13/പൊവിവ പ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നോഷണലായി 1:30/1:35 ആയി കുറച്ചിട്ടുണ്ട്.

(ഇ) എങ്കിൽ ഇത് സർക്കാർ മേഖലയിലും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ;

(എഫ്) ഇത്തരത്തിൽ വ്യത്യസ്ത അനുപാതം നിശ്ചയിച്ചതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(ഇ) & (എഫ്) സർക്കാർ സ്കൂളുകളിൽ അധികമായി വരുന്ന അദ്ധ്യാപകരെ 1:30/1:35 അനുപാതത്തിൽ നിലനിർത്താൻ നിർദ്ദേശിച്ചിട്ടില്ല. വിവിധ മാനേജ്മെന്റുകളുടെ കീഴിൽ അധികമായി വരുന്ന അദ്ധ്യാപകരുടെ പുനർവിന്യാസം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ സ്കൂളുകളിൽ അധികം വരുന്ന അദ്ധ്യാപകരെ കുട്ടികൾ കൂടുതലുള്ള സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കാൻ സാധിക്കുമെന്നതിനാലുമാണ് അധിക അദ്ധ്യാപകരെ നിലനിർത്തുന്നതിനായി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നോഷണലായി കുറയ്ക്കുന്നത് എയ്ഡഡ് സ്കൂളുകൾക്ക മാത്രമായി പരിമിതപ്പെടുത്തിയത്. സർക്കാർ സ്കൂളുകളിലും ഇത്തരത്തിൽ

അദ്ധ്യാപകവിദ്യാർത്ഥി
അനുപാതം കുറച്ചുകൊണ്ട്
അധികമായി വരുന്ന
അദ്ധ്യാപകരെ നിലനിർത്തുന്ന
കാര്യം സർക്കാർ
പരിശോധിച്ചുവരുന്നു. സർക്കാർ
സ്കൂളുകളിലും എയ്ഡഡ്
സ്കൂളുകളിലും അധിക തസ്തികകൾ
നിർണ്ണയിക്കുന്നതിന് ഒരേ
രീതിയിലുള്ള സ്കൂൾ തല
അനുപാതം (യു.പി. യിൽ 1:35
ഉം എൽ.പി. യിൽ 1:30 ഉം)
തന്നെയാണ് ബാധകം.

Sindhu

സെക്ഷൻഓഫീസർ